ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇൻവെസ്റ്റുമെൻറിനെപ്പറ്റി പറഞ്ഞിട്ടില്ല.

ശ്രീ. പി. പി. എസ്തോസ്: സയൻസ് ആൻറ് ടെക്നോളജിക്കൽ മ്യൂസിയം പ്ലാനിംഗ് ഡിപ്പാർട്ടുമെൻറ് നടത്തണമെന്നുള്ള അഭിപ്രായഗതിയുണ്ടെന്നു പറഞ്ഞു. സയൻസ് ആൻറ് ടെക്നോളജിക്കൽ മ്യൂസിയവും പ്ലാനിംഗ് ഡിപ്പാർട്ടുമെൻറുമായി എന്തെങ്കിലും അഭേദ്യമായ ബന്ധമുണ്ടോ, ഇങ്ങനെയൊരു നിർദ്ദേശം വയ്ക്കുവാൻ എന്താണ് കാരണം?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എർത്ത് സയൻസും ടെക്നോളജിക്കൽ മ്യൂസിയവും മറെറല്ലാ കാര്യങ്ങളും പ്ലാനിംഗ് ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ടു കിടക്കുകയാണ്.

സൗജന്യ റേഷൻ

*453 [477] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവർഷവും കൊടുങ്കാറ്റും കാരണം സംസ്ഥാന ഗവൺമെൻറ് പ്രഖ്യാപിച്ച സൗജന്യ റേഷൻ അർഹതപ്പെട്ടവർക്കെല്ലാം നൽകിയിട്ടുണ്ടോ;

(ബി) സൗജന്യ റേഷൻ ലഭിച്ചിട്ടില്ലായെന്ന പരാതി ആരിൽ നിന്നെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 1978 മാർച്ചിനു ശേഷം എത്ര തവണ സൗജന്യ റേഷൻ കൊടുത്തു;

(ഇ) ഇതിന് ഓരോ തവണയും എത്ര ഉറുപ്പിക ചെലവായി?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഗവൺമെൻറിന് കിട്ടിയ പരാതികളെല്ലാം തന്നെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നടപടികൾക്കായി അപ്പോഴപ്പോൾ തന്നെ അയച്ചു കൊടുത്തിട്ടുണ്ട്.

(ഡി) മൂന്നു തവണ.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: ഇതിനു വേണ്ടി ആകെ ചെലവായ തുകയുടെ എത്ര ശതമാനമാണ് കേന്ദ്ര ഗവൺമെൻറിൽനിന്നും ലഭിച്ചതെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. കെ. പങ്കജാക്ഷൻ: വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സൗജന്യ റേഷൻ വിതരണത്തിൽ ചില താലൂക്കുകളിൽ എടുത്ത സമീപനമല്ല മറ്റു പല താലൂക്കുകളിൽ സ്വീകരിച്ചിട്ടുള്ളതെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ചിലയിടത്താണെങ്കിൽ വെള്ളപ്പൊക്കം ഉണ്ടായാൽ എല്ലാവർക്കും കൊടുക്കും ചിലയിടത്താണെങ്കിൽ ലിമിറ്റഡായിട്ട് കൊടുക്കുന്ന രീതിയിൽ മാറ്റം വരുത്തുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: വെള്ളപ്പൊക്കം വ്യാപകമായ തോതിൽ ഉണ്ടായിട്ടുള്ള പ്രദേശങ്ങളിൽ ആ പ്രദേശം മൊത്തമായിട്ടും അത്ര വ്യാപകമായി ഉണ്ടായിട്ടില്ലാത്ത സ്ഥലത്ത് ചുരുക്കമായും കൊടുത്തിട്ടുണ്ട്. ഫ്ളഡ് അഫക്റ്റഡ് ഏരിയായിൽ കൊടുക്കാനാണ് നിർദ്ദേശം ഉണ്ടായിട്ടുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിച്ചപ്പോൾ ഗവൺമെൻറിന്റെ കയ്യിലുള്ള ഏറ്റവും പഴയ സ്റ്റോക്ക്, വിറ്റഴിക്കാൻ നിവർത്തിയില്ലാത്ത സ്റ്റോക്ക് സൗജന്യ റേഷനായി കൊടുക്കുന്നതിനുള്ള ഏർപ്പാട് കഴിഞ്ഞ തവണയും ഉണ്ടായിരുന്നു. വളരെയധികം ബുദ്ധിമുട്ട് ഉണ്ടായിരുന്നു. അതിനു പകരമായിട്ട് സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിക്കുകയാണെങ്കിൽ ആ തീരുമാനത്തിന്റെ ആർഡറിനോടൊപ്പം തന്നെ ഗവൺമെൻറിന്റെ സ്റ്റോക്കിലുള്ള ഏറ്റവും നല്ല അരി സൗജന്യമായി വിതരണം ചെയ്യാനുള്ള ആർഡർ കൂടി നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ): സൗജന്യ റേഷനായി ഈ വർഷം കൊടുത്തത് നല്ല അരിയാണ്. നല്ല അരി കൊടുക്കാനാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. പി. വി. മൂസ: സൗജന്യ റേഷൻ കൊടുക്കുമ്പോൾ മൽസ്യത്തൊഴിലാളികൾക്ക് ചില പ്രത്യേക ഏരിയ തിരിച്ച് കൊടുക്കുന്നതു കൊണ്ട് ഏരിയാക്ക് പുറത്തുള്ള പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് കിട്ടാതെ വരുന്നുണ്ട്. അവരെക്കൂടി ഉൾപ്പെടുത്തി സൗജന്യ റേഷൻ സമ്പ്രദായം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: വെള്ളപ്പൊക്ക ദുരിതാശ്വാസമായി സൗജന്യ റേഷൻ നൽകിയതു സംബന്ധിച്ച ചോദ്യമാണ്. മൽസ്യത്തൊഴിലാളികൾക്ക് പ്രത്യേകമായി കൊടുക്കുന്ന തീരുമാനം എടുക്കുമ്പോൾ ഒരു പ്രദേശത്തെ മൽസ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുകയാണെങ്കിൽ അത് പരിഗണിക്കാവുന്നതാണ്. മറ്റൊരു പ്രദേശത്തെ കാര്യം എടുക്കാൻ നിവർത്തിയില്ല.

ശ്രീ. എ. എ. റഹീം: സൗജന്യ റേഷൻ മൂന്നു പ്രാവശ്യം കൊടുത്തുവെന്ന് പറഞ്ഞു. മൂന്നു പ്രാവശ്യം എല്ലാ സ്ഥലത്തും കൊടുത്തിട്ടുണ്ടോ? എല്ലാ സ്ഥലത്തും കൊടുത്തിട്ടുണ്ടെങ്കിൽ കേന്ദ്ര ഗവൺമെൻറിൽ നിന്നും അരിയും ഗോതമ്പും തന്നതിനു പുറമേ സംസ്ഥാന ഗവൺമെൻറിന് എത്ര മാത്രം അരിയും ഗോതമ്പും വിതരണം ചെയ്യേണ്ടിവന്നിട്ടുണ്ട് എന്നുള്ളതിന്റെ കണക്ക് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: സൗജന്യ റേഷൻ നൽകിയത് എല്ലാ സ്ഥലത്തും കൊടുത്തിട്ടില്ല. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിൽ ആണ് സൗജന്യ റേഷൻ നൽകിയിട്ടുള്ളത്. ചില സ്ഥലങ്ങളിലാണ് മൂന്നു തവണയും കൊടുത്തിട്ടുള്ളത്. ഫ്ളഡ് അഫക്റ്റഡായിട്ടുള്ള പ്രദേശങ്ങളിലുള്ള എല്ലാ കുടുംബങ്ങൾക്കും നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചിലത് വിട്ടു പോയി, വരുമാനത്തിന്റെ പരിധിയിൽ താഴെയുള്ളവരാണെങ്കിൽ തന്നെയും ഒഴിവാക്കിയെന്നും മറ്റുമുള്ള പരാതിയാണ് വന്നിട്ടുള്ളത്.

ശ്രീ. കെ. സി. വാമദേവൻ: വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിൽ തന്നെ പല തോതിൽ പല ക്രമത്തിൽ ഉദ്യോഗസ്ഥൻമാരുടെയുക്തിക്ക് അനുസരിച്ചാണ് കൊടുത്തതെന്നും ചില പ്രദേശങ്ങളിൽ അർഹരായവർക്ക് കിട്ടിയിട്ടില്ലെന്നുമുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെ കാര്യം പ്രത്യേകം പരിഗണിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഈ പരാതികളും ഉണ്ടായത് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ളതാണ്. ചില പ്രദേശങ്ങളിൽ നിർദ്ദിഷ്ടമായിട്ടുള്ള രീതിയിൽ എല്ലാവർക്കും നൽകിയില്ല. വരുമാന പരിധിയ്ക്ക് അകത്തു തന്നെയുള്ളവരെ അവഗണിച്ചുവെന്നുള്ള പരാതിയാണ് കിട്ടിയിട്ടുള്ളത്. അത്തരം പരാതികളും ലഭ്യമായ മുറയ്ക്കു തന്നെ ജില്ലാ കളക്റ്റർക്ക് മേൽ നടപടിയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അതിനുശേഷം ആ പരാതികളും ഉണ്ടായിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കഴിഞ്ഞ വർഷം അപ്രതീക്ഷിതമായി തിരുവനന്തപുരത്തും കൊല്ലം ജില്ലയിലും വെള്ളപ്പൊക്കമുണ്ടായ അവസരത്തിൽ ചില താലൂക്കുകളിലും ചില പഞ്ചായത്തുകളിലും ഉള്ള മുഴുവൻ ആളുകൾക്കും ഒരു പരിഗണനയും ഇല്ലാതെ സൗജന്യ റേഷൻ കൊടുക്കുകയും ചില പഞ്ചായത്തുകളിൽ അഞ്ചും ആറും ആളുകൾക്ക് മാത്രം ഇതിനുവേണ്ടി നിയമിച്ച കമ്മിറ്റിയും മറ്റും ഐകകണ്ഠ്യേന പറഞ്ഞിട്ടും പല പഞ്ചായത്തുകളിലും വളരെക്കുറച്ച് ആളുകൾക്കു മാത്രം കൊടുത്തുവെന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ആ പരാതി ഇപ്പോൾ ഉന്നയിക്കുകയാണ്. മേലിലെങ്കിലും ഇത് തുടരാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: പരാതികളും തികച്ചും അടിസ്ഥാനപരമാണെങ്കിൽ മേലിൽ ഉണ്ടാകാതിരിക്കാൻ ശ്രമിക്കാവുന്നതാണ്. ഇപ്പോൾ ഉണ്ടായിയെന്ന് പറയുന്ന പരാതികളെ സംബന്ധിച്ച് കളക്റ്റർമാർ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പരാതിയുണ്ടായത് ഇങ്ങനെയൊരു പ്രദേശത്ത് ചിലർക്കു മാത്രമേ കൊടുത്തുള്ളുവെന്നാണ്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശത്താണെങ്കിൽ അങ്ങനെയുള്ള പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകാം. അത്തരം പരാതി ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. എം. വി. രാഘവൻ: സൗജന്യ റേഷൻ കൊടുക്കുന്നതിന് കേന്ദ്ര ഗവൺമെൻറ് അരിയും ഗോതമ്പും എത്രയാണ് തന്നത്? എന്തു മാത്രം വിതരണം ചെയ്തു? കേന്ദ്ര ഗവൺമെൻറ് തന്നിട്ടുള്ള അരിയും ഗോതമ്പുമാണോ വിതരണം ചെയ്തത്? അനർഹരായവർ വാങ്ങിച്ചിട്ടുണ്ടെങ്കിൽ അവരെ സംബന്ധിച്ച് എന്ത് നടപടിയാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: വാങ്ങിയവരുടെ മേൽ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പറയാൻ സാധ്യമല്ല. നൽകിയവരുടെ മേൽ നടപടി സ്വീകരിക്കുന്നതിനെപ്പറ്റി പരിശോധിക്കാവുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: സൗജന്യ റേഷൻ നൽകുന്ന കാര്യത്തിൽ ചില പ്രദേശങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ വീക്ഷണത്തിന് അനുസരിച്ച് കൊടുക്കുന്നുവെന്ന പരാതി കഴിഞ്ഞ രണ്ടു വർഷമായി ഈ സഭയിൽതന്നെ ഉന്നയിച്ചതാണ്. വെള്ളപ്പൊക്ക ബാധിത പ്രദേശത്തും കടലോര പ്രദേശത്തും മറ്റും കൊടുത്തതിലുള്ള പരാതികളെ സംബന്ധിച്ച് അന്വേഷിച്ച് മൊത്തമായി പ്രത്യേക സമ്പ്രദായമോ സംവിധാനമോ ഉണ്ടാക്കാൻ ഗവൺമെൻറ് ശ്രമിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഗവൺമെൻറിൽനിന്ന് മാത്രമല്ല മറ്റ് ഏതെങ്കിലും ഏജൻസിയിൽനിന്ന് ആയാലും സൗജന്യമായി ഇത്തരം സഹായം ലഭിക്കുമ്പോൾ നോക്കി നിൽക്കേണ്ടി വരുന്നവരുടെ ഭാഗത്തു നിന്ന് ന്യായമായോ അന്യായമായോ പരാതി ഉണ്ടാകാവുന്നതാണ്. ആ പരാതികൾ ഉണ്ടാകാൻ പാടില്ലെന്ന് എത്ര ശഠിച്ചാലും കഴിയുകയില്ല. പരാതികൾ വളരെ കുറച്ചു മാത്രം ഉണ്ടാകുന്ന രീതിയിൽ സംവിധാനം പടുത്ത് ഉയർത്താവുന്നതാണ്.

ശ്രീ. എൻ. പി. മൊയ്തീൻ: വെള്ളപ്പൊക്കമുണ്ടായ പ്രദേശങ്ങളിൽ റേഷൻ കാർഡ് പരിശോധിച്ചിട്ട് കുട്ടികൾക്ക് രണ്ടു മീറ്റർ വീതം തുണി നൽകുമെന്ന് പറഞ്ഞിരുന്നു. അത് അനുസരിച്ച് നൽകിയിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ): നൽകിയിട്ടുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: കേന്ദ്ര വിഹിതം എത്രയാണെന്നും സംസ്ഥാന വിഹിതം എത്രയാണെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കേന്ദ്രത്തിൽനിന്ന് ഇരുപത്തയ്യായിരം ടൺ അരി ലഭിച്ചിട്ടുണ്ട്.

ശ്രീ. എ. എ. റഹീം: കേന്ദ്രത്തിൽനിന്ന് കിട്ടിയത് കൂടാതെ സംസ്ഥാന ഗവൺമെൻറ് എത്രമാത്രം ഫ്രീയായി കൊടുത്തിട്ടുണ്ട്? ഇതെപ്പറ്റി രണ്ടു മൂന്നു ചോദ്യം ചോദിച്ചിട്ടും വ്യക്തമായ മറുപടി കിട്ടിയിട്ടില്ല.

ശ്രീ. ടി. എസ്. ജോൺ: കേന്ദ്രത്തിൽനിന്ന് ഇരുപത്തയ്യായിരം ടൺ അരിയാണ് ലഭിച്ചത്.

ശ്രീ. കെ. പങ്കജാക്ഷൻ: ആദ്യമേ തന്നെ എന്തു ചെലവ് വന്നിട്ടുണ്ടെന്ന വിവരം ശേഖരിച്ചു വരുന്നുവെന്നാണ് പറഞ്ഞത്. വിവിധ സ്ഥലങ്ങളിൽ ഫ്ളഡ് അഫക്റ്റഡ് ഏരിയ ആയി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ പല തവണയായി നൽകിയതാണ് ഈ സൗജന്യറേഷൻ.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ വിശദമായ കണക്ക് ശേഖരിച്ചിട്ടേ പറയാൻ കഴിയൂ. കേന്ദ്ര ഗവൺമെൻറിൽനിന്ന് . എത്ര ലഭിച്ചുവെന്ന് പറഞ്ഞു. എന്തുമാത്രം ചെലവായിയെന്ന കണക്ക് ശേഖരിച്ചിട്ടേ പറയാൻ കഴിയൂ.

ശ്രീ. പി.ബി. ആർ. പിള്ള: താലൂക്ക് ആഫീസുകളിൽ സ്ഥിരമായി ലിസ്റ്റ് തയ്യാറാക്കിവച്ചിട്ടുണ്ടെന്നും ഈ പ്രാവശ്യവും ആലിസ്റ്റ് തന്നെയാണ് പ്രയോഗിച്ചതെന്നും അതുമൂലം പല പഞ്ചായത്തുകളിലും അർഹതയുള്ളവർക്ക് ലഭിച്ചിട്ടില്ലെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അതേപ്പറ്റി അന്വേഷിക്കാൻ കളക്ടർക്ക് വിട്ടുകൊടുത്തുവെന്നു പറഞ്ഞു. താലൂക്ക് ആഫീസിൽനിന്ന് അപ്രൂവ് ചെയ്ത ലിസ്റ്റ് പുനഃപരിശോധിക്കാൻ കളക്ടർക്കു അയച്ചുകൊടുത്താൽ നീതിപൂർവ്വമായി നടക്കാൻ സാധ്യതയില്ല. പല ജില്ലകളിലും റേഷൻകടകളിൽ ലഭിച്ചിരുന്ന തുണിയാണ് അരിക്ക് പകരമായിട്ട് കൊടുത്തതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: താലൂക്ക് ആഫീസിൽ ലിസ്റ്റ് ഉണ്ടോയെന്ന് എനിക്ക് അറിയില്ല. എന്തായാലും കളക്ടർമാർക്ക് കർക്കശമായ നിർദ്ദേശം നൽകിയിരുന്നു. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് ഈ സഹായം ലഭ്യമാക്കണം. അതനുസരിച്ച് ലഭ്യമാക്കുന്നതിന് ഗവൺമെൻറ് നടപടിസ്വീകരിച്ചിട്ടുണ്ട്. ചില പ്രദേശങ്ങളിൽ വിട്ടുപോയിട്ടുണ്ടെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് കളക്ടർമാർക്ക് നടപടിസ്വീകരിക്കാനായി അയച്ചുകൊടുത്തു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പർച്ചേസ് ടാക്സ്മൂലം കയർ-ചൂടി വ്യവസായത്തിലുളവായിട്ടുള്ള പ്രതിസന്ധി

* 454 [478] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുമതി ചെയ്യുന്ന ചൂടിക്ക് എക്സ്പോർട്ട് ഡ്യൂട്ടി 15 ശതമാനവും പർച്ചേസ് ടാക്സ് 20 ശതമാനവും ഈടാക്കേണ്ടതില്ലെന്ന് കേന്ദ്രഗവൺമെൻറ് തീരുമാനിച്ചിട്ടും സ്റ്റേറ്റ്സ്റ്റുഗവൺമെൻറ് പർച്ചേസ് ടാക്സ് വസൂൽചെയ്യുന്നതുമൂലം കയർ-ചൂടി വ്യവസായത്തിലുളവായിട്ടുള്ള പ്രതിസന്ധി ഒഴിവാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ;

(ബി) ഇതുസംബന്ധിച്ച് ഗവൺമെൻറിനു വ്യവസായ-വ്യാപാര സംഘടനകളിൽനിന്നും ലഭിച്ചിട്ടുള്ള പരാതികളിൻമേൽ എന്തു തീരുമാനമാണ് എടുത്തത്;

(സി) തീരുമാനമൊന്നും എടുത്തിട്ടില്ലെങ്കിൽ പർച്ചേസ് ടാക്സിൽനിന്നും ഇതൊഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) കയർ-ചൂടിക്ക് രണ്ടുശതമാനം വിൽപ്പന നികുതിയാണ് ചുമത്തുന്നത്. നാമമാത്രമായ ഈ നികുതി കയർ-ചൂടി വ്യവസായത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly